DESPATCHED
On..11/06/2020.........
22/5/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2380*(2)/2018*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10293**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഷിബിൻ സെബാസ്റ്റ്യൻ,
തോപ്പിൽ ഹൗസ്,
പീപ്പിൾസ് നഗർ – 117എ,
കൊല്ലം. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ അക്കൗണ്ടസ് ഓഫീസർ,
ആരോഗ്യ കേരളം, കൊല്ലം.

2. അപ്പീൽ അധികാരി&
ജില്ലാ പ്രോഗ്രാം മാനേജർ(എൻ.ആർ.എച്ച്.എം.),
ജില്ലാ ട്രെയിനിംഗ് സെന്റർ, ബിഷപ്പ് ജെറോം
നഗറിനു എതിർവശം, റ്റി.ബി.സെന്റർ, രണ്ടാം നില,
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.03.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.04.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.05.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.06.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.09.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 24.09.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഷിബിൻ സെബാസ്റ്റ്യൻ, 23.09.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 24.09.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2380(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും തെറ്റിദ്ധരിപ്പിക്കുന്ന വിവരമാണ് നൽകിയ തെന്നും ടിയാന് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ലഭ്യമാക്കുന്നതി നുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 31.03.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ജനുവരി 2015 മുതൽ ജനുവരി 18 വരെ കന്റോൺമെന്റ് വാർഡിൽ നടന്ന വിവിധ ക്ലിനിക്കുകളിൽ ആശാപ്രവർത്തകരുടെയുംമറ്റു ജീവനക്കാരുടെയും 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 28.04.2018ന് മറുപടി നൽകിയതായും ടി മറുപടി യിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 26.06.2018ന് മറുപടി നൽകിയതായും കാണുന്നു.

4. 22.04.2019ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 31.03.2018ൽ ഹർജിക്കാരൻ ആരോഗ്യ കേരളം ജില്ലാ ആഫീസിൽ 11 ചോദ്യങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിന് 28.04.2018ൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയെന്നുമാണ്. ടി മറുപടിയിൽ തൃപ്തനാകാത്തതിനാൽ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ ലഭ്യമായ രേഖകൾ പരിശോധിക്കുകയും 26.06.2018ൽ മറുപടി നൽകുകയും എസ്.പി.ഐ.ഒ. നൽകിയ മറുപടിയിലെ പോരായ്മകളും തെറ്റുകളും പരിഹരിക്കാൻ ശ്രമം നടത്തിയിരുന്നുവെന്നുമാ ണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 14.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ഹർജിക്കാരന്റെ ഒന്നാം അപ്പീലിന്മേൽ തീർപ്പു കൽപ്പിച്ച് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 22–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM.